# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ് (2)

**2023 ജൂലൈ 25**

---

- **ഏകജാലക പ്രവേശനം പൂർത്തിയായിട്ടില്ല**
- **അപേക്ഷകരുടെ എണ്ണത്തിൽ വർധന**

## എം.ജി ബിരുദ പ്രവേശനം; പ്രചാരണം വാസ്തവ വിരുദ്ധമെന്ന് വൈസ് ചാൻസലർ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് ചില പത്രങ്ങളും സാമൂഹിക മാധ്യമങ്ങളും പ്രസിദ്ധീകരിച്ച വാർത്തകൾ വാസ്തവ വിരുദ്ധമാണെന്ന് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. സി.ടി അരവിന്ദകുമാർ അറിയിച്ചു.

ഏകജാലക പ്രവേശനം അവസാനിച്ചെന്നും കോളജുകളിൽ വിദ്യാർഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞെന്നുമുള്ള വാർത്തകൾ കോളജുകൾക്കും ഇനിയും പ്രവേശനം കാത്തിരിക്കുന്ന വിദ്യാർഥികൾക്കും ആശങ്കയ്ക്കും ആശയക്കുഴപ്പത്തിനും കാരണമാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മുൻ വർഷങ്ങളിലേതുപോലെതന്നെ അഫിലിയേറ്റഡ് കോളജുകളിലേക്കുള്ള 2023-24 അക്കാദമിക് വർഷത്തെ പ്രവേശനത്തിനും ഓൺലൈനിൽ 55000ലധികം വിദ്യാർഥികൾ അപേക്ഷ സമർപ്പിച്ചിരുന്നു. ഇപ്പോൾ നടന്നുവരുന്ന അലോട്ട്മെൻറ് രജിസ്ട്രേഷൻകൂടി പരിഗണിക്കുമ്പോൾ അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ട്.

സർവകലാശാലയ്ക്കു കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ 11258 മെറിറ് സീറ്റുകളിൽ 65 ശതമാനത്തിലും സർക്കാർ കോളജുകളിലെ 1132 സീറ്റുകളിൽ 63 ശതമാനത്തിലും ഇതിനോടകം വിദ്യാർഥികൾ പ്രവേശനം നേടി. 20100 മെറിറ്റ് സീറ്റുകളുള്ള സ്വാശ്രയ കോളജുകളിൽ നിലവിലെ പ്രവേശനം 45 ശതമാനമാണ്. നഗര മേഖലകളിലെ കോളജുകളിൽ ഇത്തവണ വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവുണ്ട്.

സപ്ലിമെൻററി അലോട്ട്മെൻറ് ഉൾപ്പെടെയുള്ള പ്രവേശന നടപടികൾ ബാക്കിയുണ്ട്. ഇത് പൂർത്തിയാകുമ്പോൾ 80 ശതമാനത്തിലേറെ വിദ്യാർഥികളുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ  വാസ്തവ വിരുദ്ധമായ കണക്കുകൾ ഉൾപ്പെടുത്തി

ഇപ്പോൾ വ്യാജ പ്രചാരണങ്ങൾ നടത്തുന്നത് നിർഭാഗ്യകരമാണെന്ന് വൈസ് ചാൻസലർ ചൂണ്ടിക്കാട്ടി.

താരതമ്യേന അപേക്ഷകർ കൂടുതലുണ്ടായിരുന്ന ബി.കോം, ബി.സി.എ , ബി.എസ്.ഡബ്ള്യു, ബി.ബി.എ കോഴ്സുകളിൽ ഭൂരിഭാഗം കോളജുകളിലും ലഭ്യമായ സീറ്റുകളിൽ പ്രവേശന നടപടികൾ ഏറെക്കുറെ പൂർത്തിയായി. സയൻസ് വിഷയങ്ങൾക്ക് അപേക്ഷകരുടെ എണ്ണം മുൻ വർഷത്തേക്കാൾ കൂടിയിട്ടുണ്ട്.

ദേശീയ, രാജ്യാന്തര റാങ്കിംഗുകളിൽ മികച്ച നേട്ടം നിലനിർത്തിവരുന്ന സർവകലാശാല പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം തുടങ്ങിയവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തിവരികയായണ്. ഈ വർഷം അവസാന സെമസ്റ്റർ ബിരുദ പരീക്ഷ പൂർത്തിയായി 14 ദിവസത്തിനുള്ളിൽ ഫലം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. സംസ്ഥാനത്ത് അവസാന സെമസ്റ്റർ ഫലം ഇക്കുറി ആദ്യം പ്രസിദ്ധീകരിച്ചതും എം.ജി. സർവകലാശാലയാണ്.

മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മലബാർ മേഖലയിൽനിന്നുൾപ്പെടെ കൂടുതൽ വിദ്യാർഥികൾ എം.ജി. സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുണ്ട്. ബി.എഡ് പ്രവേശനത്തിനും ഈ വർഷം സർവകലാശാലയുടെ അഫിലിയേറ്റഡ് കേന്ദ്രങ്ങളിൽ വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവുണ്ടെന്ന് വൈസ് ചാൻസലർ പറഞ്ഞു.

(പി.ആർ.ഒ/39/881/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**